## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3833 — 20.10.2016 -ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിച്ച ആശ്വാസ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിച്ച ആശ്വാസ നടപടികൾക്കുമേൽ ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കടാശ്വാസ തുക ഏത് തരത്തിൽ നൽകുന്നതിനാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വിധിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾ 31.12.2007-ന് മുമ്പ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, മക്കളുടെ വിവാഹം, തുടങ്ങിയ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകി വരുന്നത്. മുതൽ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പരമാവധി 75000/- രൂപയും മൊത്തം പലിശയുടെ 25% ഉം കടാശ്വാസമായി നൽകുന്നു. മുതലിൽ 75000 രൂപയിൽ കവിഞ്ഞ് കടബാധ്യത ഉള്ള പക്ഷം അത് തവണകളായി കടക്കാരൻ തന്നെ അടച്ച് തീർക്കണമെന്നാണ് വ്യവസ്ഥ. |
| (സി) | ബാങ്കുകളോട് ആലോചിക്കാതെ കടാശ്വാസം പ്രഖ്യാപിച്ചതാണോ അവരുടെ നിസ്സഹകരണത്തിന് കാരണമെന്ന് അറിയിക്കുമോ; | (സി) | ഏറെക്കുറെ എല്ലാ നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളും കമ്മീഷനുമായി യോജിച്ച് നടത്തുന്ന അദാലത്തുകളുമായി സഹകരിച്ച് സർക്കാർ ഫോർമുല പ്രകാരം മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതകളിൽ നിന്ന് ഒഴിവാക്കി ഈട് പ്രമാണങ്ങൾ മടക്കി നൽകുന്നു. ഏതാനും ചില സഹകരണ ബാങ്കുകളും, അപൂർവ്വം നാഷണലൈസ്ഡ് ബാങ്കുകളും വ്യവസ്ഥയ്ക്ക് വിധേയമായി കടം തീർപ്പാക്കാൻ വിമുഖത |

| | | | |
|---|---|---|---|
| | | | കാണിക്കുന്നുമുണ്ട്. ആനുകൂല്യം അനുവദിക്കുന്ന കാര്യത്തിലും സർക്കാരിന്റെ കടാശ്വാസ പദ്ധതി നടപ്പാക്കുന്ന കാര്യത്തിലും ബാങ്കുകളുടെ ഏകോപന സമിതിയായ എസ്.എൽ.ബി.സി. യുമായി സർക്കാരും, കമ്മീഷനും പല പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സഹകരണ വകുപ്പുമായി ഉന്നത തല ചർച്ചകൾ നടത്തിയതിനെ തുടർന്ന് പദ്ധതി നടപ്പാക്കണമെന്ന് കാണിച്ച് സഹകരണ വകുപ്പും വ്യക്തമായ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ നൽകിയിരുന്നെങ്കിലും അപൂർവ്വം സ്ഥാപനങ്ങൾ അത് നടപ്പാക്കാൻ വിസമ്മതിക്കുന്നു. അവരിൽ ചിലരും, ഒരു ഷെഡ്യൂൾഡ് ബാങ്കും ഹൈക്കോടതിയെ സമീപിച്ച് അനുകൂല ഉത്തരവുകൾ നേടിയിട്ടുമുണ്ട്. |
| (ഡി) | ഉത്തരവ് നടപ്പാക്കാത്ത ബാങ്കുകൾക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉത്തരവ് നടപ്പാക്കാത്ത ബാങ്കുകൾക്കെതിരെ നടപടിയെടുക്കാൻ നിലവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അധികാരമില്ല. മൊറട്ടോറിയം ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ വിസമ്മതിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കാനും, ഇത്തരം കേസുകളിൽ സ്ഥാപനത്തിനെതിരെയും ആനുകൂല്യം നിഷേധിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികളെടുക്കാൻ കമ്മീഷന് നിയമ ഭേദഗതിയിലൂടെ അധികാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ